✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1045

# സൂറ – 33 / അൽ അഹ്സാബ്

## സൂക്തം: 58 – 59

പ്രവാചകന്നും കുടുംബത്തിനും സത്യവിശ്വാസികൾക്കുമെതിരെ പലതരം ആരോപണങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് മുസ്‌ലിംകളുടെ ധാർമിക-സദാചാര പ്രതിഛായ തകർക്കാനും അതുവഴി ബഹുജനങ്ങൾക്ക് മുസ്‌ലിം സമുദായത്തോടും ഇസ്‌ലാമിക സന്ദേശത്തോടുമുള്ള മതിപ്പും വിശ്വാസവും ഇല്ലാതാക്കാനും കപടവിശ്വാസികൾ വിപുലമായ കാമ്പയിൻ തന്നെ നടത്തിക്കൊണ്ടിരുന്ന സാഹചര്യത്തിലാണ് ഈ സൂക്തങ്ങൾ അവതരിക്കുന്നത്.

وَٱلَّذِينَ يُؤْذُونَ ٱلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ بِغَيْرِ مَا
ٱكْتَسَبُوا۟ فَقَدِ ٱحْتَمَلُوا۟ بُهْتَـٰنًا وَإِثْمًا مُّبِينًا ﴿٥٨﴾

58. സത്യവിശ്വാസികളെയും വിശ്വാസിനികളെയും അവർ ചെയ്തിട്ടില്ലാത്ത കുറ്റങ്ങളാരോപിച്ച് ദ്രോഹിക്കുന്നവരുണ്ടല്ലോ, അവർ പെരുംകള്ളം കെട്ടിച്ചമച്ചതിന്റെയും തെളിഞ്ഞ പാപത്തിന്റെയും മഹാഭാരം ചുമന്നുകഴിഞ്ഞിരിക്കുന്നു.

**58**

وَالَّذِينَ يُؤْذُونَ الْمُؤْمِنِينَ وَالْمُؤْمِنَاتِ= സത്യവിശ്വാസികളെയും വിശ്വാസിനികളെയും (ആരോപിച്ചു) ദ്രോഹിക്കുന്നവർ (ഉണ്ടല്ലോ)

بِغَيْرِ مَا اكْتَسَبُوا = അവർ സമ്പാദിച്ചതല്ലാത്തതുകൊണ്ട് (അവർ ചെയ്തിട്ടില്ലാത്ത കുറ്റങ്ങൾ)

فَقَدِ احْتَمَلُوا = അവർ (മഹാഭാരം) ചുമന്നു കഴിഞ്ഞിരിക്കുന്നു

بُهْتَانًا = (കള്ളം കെട്ടിച്ചമച്ചതിന്റെയും) പെരുംകള്ളത്തെ وَإِثْمًا مُّبِينًا= തെളിഞ്ഞ പാപത്തെ(ത്തിന്റെ)യും

പ്രവാചകനെയും പ്രവാചകകുടുംബത്തെയും ശല്യപ്പെടുത്തുന്നതു മാത്രമല്ല, മറ്റു സത്യവിശ്വാസികളെ ശല്യപ്പെടുത്തുന്നതും മഹാ അപരാധമാണെന്ന് ഉണർത്തുകയാണ്. ശല്യം ചെയ്യുക എന്നതുകൊണ്ട് മുഖ്യമായി ഉദ്ദേശിച്ചിട്ടുള്ളതെന്താണെന്നും ഈ സൂക്തത്തിൽനിന്ന് വ്യക്തമാകുന്നു. ചെയ്യാത്ത കുറ്റങ്ങൾ ആരോപിച്ച് അപമാനിക്കലും അപകീർത്തിപ്പെടുത്തലുമാണത്. വ്യാജമായി കെട്ടിച്ചമച്ചുന്നയിക്കുന്ന വാദങ്ങളും ആരോപണങ്ങളുമാണ് بُهْتَانًا. വാമൊഴികളാണല്ലോ അത്. അതിനാൽ وَالَّذِينَ يُؤْذُونَ الْمُؤْمِنِينَ وَالْمُؤْمِنَاتِ എന്ന വാക്യത്തിന്റെ താൽപര്യം ....وَالَّذِينَ يَرْمُونَ الْمُؤْمِنِين -വിശ്വാസികളിൽ ആരോപിക്കുന്നവർ- എന്നാണ്. 24:23-ൽ (إِنَّ الَّذِينَ يَرْمُونَ الْمُحْصَنَاتِ الْغَافِلَاتِ الْمُؤْمِنَاتِ لُعِنُوا فِي الدُّنْيَا وَالْآخِرَةِ) ശുദ്ധാത്മാക്കളും സത്യവിശ്വാസികളുമായ ചാരിത്ര്യവതികൾക്കെതിരെ ദുരാരോപണം പ്രചരിപ്പിക്കുന്നവർ ഇഹത്തിലും പരത്തിലും അഭിശപ്തരത്രെ എന്നു പ്രസ്താവിച്ചതായി കാണാം. ഇവിടെ പറയുന്ന ശല്യം ചെയ്യൽ -إيذاء- സദാചാരവുമായി ബന്ധപ്പെട്ട അപവാദ പ്രചാരണമാണെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. എന്നാൽ സൂക്തത്തിലെ വാചകഘടന എല്ലാ തരത്തിലുള്ള ദ്രോഹങ്ങളെയും കുറ്റാരോപണങ്ങളെയും ഉൾക്കൊള്ളുന്നതാണ്. ഇവിടെ വിശ്വാസികളോടൊപ്പം വിശ്വാസിനികളെ പ്രത്യേകം എടുത്തു പറഞ്ഞത് പുരുഷന്മാരെ അപകീർത്തിപ്പെടുത്തുന്നത്ര തന്നെ ഗുരുതരമായ പാതകമാണ് സ്ത്രീകളെ അപകീർത്തിപ്പെടുത്തുന്നതും എന്ന് ഉണർത്തുന്നു എന്നല്ല, ശുദ്ധാത്മാക്കളായ പതിവ്രതകളെ അപകീർത്തിപ്പെടുത്തുന്നത് കൂടുതൽ ഗുരുതരമാകുന്നു എന്നാണ് നേരത്തേ ഉദ്ധരിച്ച 24:23 സൂക്തം സൂചിപ്പിക്കുന്നത്. മുസ്‌ലിംകളല്ലാത്ത സ്

ത്രീപുരുഷന്മാരെക്കുറിച്ച് അപവാദങ്ങൾ പ്രചരിപ്പിക്കുന്നതിനു വിരോധമില്ല എന്ന അർഥത്തിലല്ല ഇവിടെ വിശ്വാസികളെയും വിശ്വാസിനികളെയും സവിശേഷം പരാമർശിച്ചിരിക്കുന്നത്. പ്രവാചകന്നും കുടുംബത്തിനും സത്യവിശ്വാസികൾക്കുമെതിരെ പലതരം ആരോപണങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് മുസ്‌ലിംകളുടെ ധാർമിക-സദാചാര പ്രതിഛായ തകർക്കാനും അതുവഴി ബഹുജനങ്ങൾക്ക് മുസ്‌ലിം സമുദായത്തോടും ഇസ്‌ലാമിക സന്ദേശത്തോടുമുള്ള മതിപ്പും വിശ്വാസവും ഇല്ലാതാക്കാനും കപടവിശ്വാസികൾ വിപുലമായ കാമ്പയിൻ തന്നെ നടത്തിക്കൊണ്ടിരുന്ന സാഹചര്യത്തിലാണ് ഈ സൂക്തങ്ങൾ അവതരിക്കുന്നത്. കപടന്മാരുടെ ലക്ഷ്യം പ്രവാചക കുടുംബവും മുസ്‌ലിം സ്ത്രീപുരുഷന്മാരുമായിരുന്നു. പുറമെ കാണുന്ന വിശുദ്ധിയൊന്നും മുസ്‌ലിംകളുടെ സ്വകാര്യ ജീവിതത്തിനില്ലെന്നും അവർ വിശ്വസ്തരോ സത്യസന്ധരോ അല്ലെന്നും ആളുകളെ തെറ്റിദ്ധരിപ്പിക്കാനായിരുന്നു ശ്രമം.

പണ്ട് കപടവിശ്വാസികൾ പയറ്റിക്കൊണ്ടിരുന്ന ഈ തന്ത്രം ഇന്ന് പൊതുവിൽ എല്ലാ ഇസ്‌ലാംവിരോധികളും നിർബാധം പയറ്റിക്കൊണ്ടിരിക്കുന്നുണ്ട്. പ്രവാചകനെയും കുടുംബത്തെയും അപവദിക്കുകയും മുസ്‌ലിം സമുദായത്തിന്റെ ധാർമിക-സദാചാര സങ്കൽപങ്ങളെ അവഹേളിക്കുകയും ചെയ്യുന്ന ഇസ്‌ലാം വിമർശന ഗ്രന്ഥങ്ങളും കഥാസാഹിത്യങ്ങളും സിനിമകളുമൊക്കെ ലോകമെങ്ങും പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതുവഴി ഒരു ഇസ്‌ലാമോഫോബിക് ലോകം തന്നെ സൃഷ്ടിക്കാൻ തൽപരകക്ഷികൾക്ക് കഴിഞ്ഞിരിക്കുന്നു. ഇതാണ് ഇവിടെ വിശ്വാസികൾക്കും വിശ്വാസിനികൾക്കുമെതിരെയുള്ള അപവാദ പ്രചാരണത്തെക്കുറിച്ച് പ്രത്യേകം പ്രസ്താവിക്കുന്നതിന്റെ കാരണം. بِغَيْرِ مَا اكْتَسَبُوا (അവർ ചെയ്തിട്ടില്ലാത്ത കുറ്റം) എന്നു പറഞ്ഞത്, അവർ ചെയ്ത കുറ്റങ്ങളൊക്കെ പാടിപ്പരത്താം എന്ന അർഥത്തിലല്ല. അവിശ്വാസിനികളും കപടന്മാരും പ്രചരിപ്പിക്കുന്ന ആരോപണങ്ങൾ കെട്ടിച്ചമച്ചതാണെന്നും അത് അവർ ചെയ്തുപോയ കുറ്റങ്ങൾ ആരോപിക്കുന്നതിനേക്കാൾ വളരെ ഗുരുതരമാണെന്നും ഓർമിപ്പിക്കുകയാണ്. ഇതുപോലെ ഗുരുതരമായ പാപമാണ് ഒരാൾ ഒരു കുറ്റം ചെയ്തിട്ട് അത് മറ്റുള്ളവരുടെ തലയിൽ കെട്ടിവെക്കുന്നത്.

وَمَن يَكْسِبْ خَطِيئَةً أَوْ إِثْمًا ثُمَّ يَرْمِ بِهِ بَرِيئًا فَقَدِ احْتَمَلَ بُهْتَانًا وَإِثْمًا مُّبِينًا

(വല്ലവനും ഒരു തെറ്റോ കുറ്റമോ ചെയ്യുകയും എന്നിട്ടത് നിരപരാധിയുടെ മേൽ ആരോപിക്കുകയും ചെയ്യുന്നുവെങ്കിൽ അവൻ കടുത്ത കള്ളാരോപണവും തെളിഞ്ഞ പാപവും പേറിയിരിക്കുന്നു - 4:112).

മറ്റുള്ളവർ ചെയ്ത കുറ്റങ്ങൾ പറഞ്ഞു പരത്തുന്നതും വിലക്കപ്പെട്ടിരിക്കുന്നു: لَّا يُحِبُّ اللَّهُ الْجَهْرَ بِالسُّوءِ مِنَ الْقَوْلِ إِلَّا مَن ظُلِمَ (ചീത്ത വർത്തമാനം പരസ്യപ്പെടുത്തുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല; മർദിതരല്ലാതെ -4:148). ഇമാം ബൈഹഖി ഉദ്ധരിച്ച ഒരു നിവേദനത്തിൽ പറയുന്നു: ഒരിക്കൽ റസൂൽ(സ) ശിഷ്യരോട് ചോദിച്ചു: 'അല്ലാഹുവിങ്കൽ ഏറ്റവും കൊടിയ പലിശ ഏതാണെന്നറിയാമോ?' ശിഷ്യർ പ്രതികരിച്ചു: 'അല്ലാഹുവിനും അവന്റെ ദൂതനും അറിയാം.' പ്രവാചകൻ പറഞ്ഞു:

أَرْبَى الرِّبا عند الله إِسْتِحْلال عرض امرأمسلم

'അല്ലാഹുവിങ്കൽ ഏറ്റവും കൊടിയ പലിശ മുസ്‌ലിമിനെ മാനം കെടുത്തലാകുന്നു.' തുടർന്ന് തിരുമേനി(സ) وَالَّذِينَ يُؤْذُونَ الْمُؤْمِنِينَ....... എന്ന സൂക്തം ഓതുകയും ചെയ്തു. തിർമിദിയും അബൂദാവൂദും നിവേദനം ചെയ്യുന്നു. ഒരാൾ റസൂൽ തിരുമേനിയോട് ചോദിച്ചു; 'തിരുദൂതരേ, പരദൂഷണം എന്നാൽ എന്താണ്?' തിരുമേനി പറഞ്ഞു: ذكرك اخاك بما يكره (നിങ്ങളുടെ സഹോദരനെക്കുറിച്ച് അയാൾക്കിഷ്ടമില്ലാത്തത് പറയുക). വീണ്ടും ചോദിച്ചു: 'എന്റെ സഹോദരനെക്കുറിച്ച് ഞാൻ പറയുന്നത് അയാളിൽ ഉള്ള കാര്യമാണെങ്കിലോ?' തിരുമേനി പറഞ്ഞു: ان كان فيه ما تقول فقد اغتبته وإِنْ لم يكن فيه ماتقول فقد بهته (നിങ്ങൾ പറയുന്ന കാര്യം അയാളിലുണ്ടെങ്കിൽ നിങ്ങൾ അയാളെക്കുറിച്ച് പരദൂഷണം പറഞ്ഞു. നിങ്ങൾ പറയുന്നത് അയാളിൽ ഇല്ലാത്തതാണെങ്കിൽ നിങ്ങൾ അയാളെക്കുറിച്ച് വ്യാജ ആരോപണം കെട്ടിച്ചമച്ചു).

ഇസ്‌ലാമിക പ്രസ്ഥാനങ്ങളെക്കുറിച്ച്, അതിന്റെ നേതാക്കളെയും പ്രവർത്തകരെയും കുറിച്ച് വ്യാജമായ ആരോപണങ്ങൾ പ്രചരിപ്പിക്കുന്നതിൽ ഇക്കാലത്ത് മുസ്‌ലിംകളും പിറകിലല്ല. ഇതര സംഘടനകളെയും അതിലെ പ്രവർത്തകരെയും കുറിച്ച് അപവാദങ്ങളും ആരോപണങ്ങളും പ്രചരിപ്പിക്കുന്നതിലൂടെ ആ സംഘടനകളെ തളർത്താനും സ്വന്തം സംഘടനയെ വളർത്താനും ശ്രമിക്കുകയാണ് ഓരോ വിഭാഗവും. വിശുദ്ധ ഖുർആൻ സഗൗരവം വിലക്കിയിട്ടുള്ള കുറ്റമാണിതെന്നും ഇതുവഴി അപകീർത്തിപ്പെടുന്നത് ഇസ്‌ലാമും മുസ്‌ലിം ഉമ്മത്തും മൊത്തത്തിലാണെന്നും ആരോപണ വ്യവസായത്തിലൂടെ ദീനീസേവനം നടത്തുന്നവർ ഓർക്കാറില്ല.

വിശ്വാസികളെയും വിശ്വാസിനികളെയും മാത്രമല്ല; അവിശ്വാസികളെയും അന്യായമായി അപവദിക്കാൻ പാടില്ല. അസത്യഭാഷണത്തിന്റെയും പരദൂഷണത്തിന്റെയും വ്യാജ ആരോപണങ്ങളുടെയും പൊതുവായ നിരോധത്തിൽ മതജാതിഭേദമന്യേ ആർക്കെതിരെയുമുള്ള എല്ലാ അപവാദപ്രചാരണങ്ങളും ആരോപണങ്ങളും ഉൾപ്പെടുന്നുണ്ട്. അന്യരുടെ തിന്മകൾ പരസ്യപ്പെടുത്തുന്നത് കരണീയമാകുന്ന മൂന്നു സന്ദർഭങ്ങളേയുള്ളൂ: 1) മർദിതന് പ്രതിരോധത്തിന്റെ ഭാഗമായി മർദകന്റെ ദുഷ്ചെയ്തികൾ പരസ്യമാക്കാം. 2) തിന്മകൾ തടയുന്നതിനു - نهي عن المنكر - വേണ്ടി ദുഷ്ടന്മാരെ പരസ്യമായി ആക്ഷേപിക്കാം. 3) കുറ്റവിചാരണകളിൽ സാക്ഷി പറയേണ്ടിവരുമ്പോൾ പ്രതിയുടെ കുറ്റങ്ങൾ കോടതിക്കു മുമ്പിൽ പരസ്യമായി പറയാം. ഇതിനൊന്നുമല്ലാതെ അന്യരെ അപമാനിക്കുന്നതും അവരുടെ കുറ്റങ്ങളും കുറവുകളും- അതൊക്കെ സത്യമാണെങ്കിൽ പോലും- പരസ്യമായി വിസ്തരിച്ചു രസിക്കുന്നതും സത്യവിശ്വാസികൾക്ക് ഒട്ടും ഭൂഷണമല്ലാത്ത കുറ്റകരമായ സ്വഭാവമാകുന്നു.

സത്യവിശ്വാസികളെയും വിശ്വാസിനികളെയും അവർ ചെയ്യാത്ത കുറ്റങ്ങളാരോപിച്ച് അപവദിക്കുന്നവർ കൊടും കള്ളത്തിന്റെയും ഭയങ്കരമായ പാപത്തിന്റെയും മഹാഭാരം ചുമക്കുകയാണ് -فَقَدِ احْتَمَلُوا بُهْتَانًا وَإِثْمًا مُّبِينًا. വ്യാജം കെട്ടിച്ചമക്കൽ -بُهْتَانًا - തന്നെ വലിയ അപരാധമാണ്. ആ അപരാധത്തിന്റെ ഭീകരത ഊന്നിപ്പറയുന്നതിനു വേണ്ടിയാണ് അതിനെ إِثْمًا مُّبِينًا എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. അതായത് അത് മഹാ അപരാധമാണെന്ന കാര്യം സുവ്യക്തവും സുസമ്മതവുമാകുന്നു. വ്യക്തമായതും തെളിഞ്ഞതുമാണ് مبين. ഇവിടെ അത് ഉപയോഗിച്ചിരിക്കുന്നത് ഭയങ്കരമായത് - عظيم എന്ന അർഥത്തിലാണെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ രണ്ടർഥത്തിൽ എടുത്താലും സാരം ഒന്നുതന്നെയാണ്. ●

يَٰٓأَيُّهَا ٱلنَّبِيُّ قُل لِّأَزْوَٰجِكَ وَبَنَاتِكَ وَنِسَآءِ ٱلْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَٰبِيبِهِنَّ ۚ ذَٰلِكَ أَدْنَىٰٓ أَن يُعْرَفْنَ فَلَا يُؤْذَيْنَ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٥٩﴾

59. അല്ലയോ പ്രവാചകാ, നിന്റെ പത്നിമാരോടും പെൺമക്കളോടും വിശ്വാസികളായ വനിതകളോടൊക്കെയും പറയുക: അവരുടെ മേലാടകൾ അവരുടെ മേൽ താഴ്ത്തിയിടട്ടെ. അത് അവർ തിരിച്ചറിയപ്പെടുന്നതിനും പീഡിപ്പിക്കപ്പെടാതിരിക്കുന്നതിനും ഏറ്റം ഉചിതമായ ഉപാധിയാകുന്നു. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമല്ലോ.

**59**

يَا أَيُّهَا النَّبِيُّ = അല്ലയോ പ്രവാചകാ قُل لِّأَزْوَاجِكَ = നിന്റെ പത്നിമാരോടു പറയുക

وَبَنَاتِكَ = നിന്റെ പെൺമക്കളോടും وَنِسَاءِ الْمُؤْمِنِينَ = വിശ്വാസികളായ വനിതകളോടും (ട് ഒക്കെയും പറയുക)

يُدْنِينَ = അവർ താഴ്ത്തി, അടുപ്പിച്ച് ഇടട്ടെ عَلَيْهِنَّ = അവരുടെ മേൽ مِن جَلَابِيبِهِنَّ = അവരുടെ മേലാടക(ൾ)ളാൽ

ذَٰلِكَ = അത് أَدْنَىٰ = ഏറ്റം അടുത്തത് (ഉചിതമായ ഉപാധി) ആകുന്നു أَن يُعْرَفْنَ = അവർ തിരിച്ചറിയപ്പെടുന്നതിന്

فَلَا يُؤْذَيْنَ = അങ്ങനെ അവർ പീഡിപ്പിക്കപ്പെടാതിരിക്കുന്നതിനും

وَكَانَ اللَّهُ = അല്ലാഹു ആയി (അല്ലോ) غَفُورًا رَّحِيمًا = ഏറെ പൊറുക്കുന്നവനും ദയാപരനും

ചാരിത്ര്യവതികളായ വിശ്വാസിനികളെ ശല്യപ്പെടുത്തുകയും അപവദിക്കുകയും ചെയ്യുന്നത് നികൃഷ്ടമായ കുറ്റകൃത്യമാണെന്ന് ഉണർത്തുകയും അതു ചെയ്യുന്നവരെ ശക്തിയായി താക്കീതു ചെയ്യുകയുമായിരുന്ന മുൻസൂക്തങ്ങൾ. തുടർന്ന് തെമ്മാടികളുടെ ശല്യത്തിൽനിന്ന് രക്ഷപ്പെടാൻ മുസ്‌ലിം സ്ത്രീകൾ സ്വീകരിക്കേണ്ട മുൻകരുതലിനെക്കുറിച്ച് പറയുകയാണീ സൂക്തം. കുറ്റവാളികളെ ആക്ഷേപിച്ചതുകൊണ്ടും ശിക്ഷിച്ചതുകൊണ്ടും മാത്രം കുറ്റകൃത്യങ്ങൾ ഇല്ലാതാവുകയില്ല. മോഷണവും പിടിച്ചുപറിയും ശിക്ഷാർഹമായ കുറ്റമായതുകൊണ്ടു മാത്രം ആളുകളുടെ മുതലുകൾ സുരക്ഷിതമാകുന്നില്ല. ഉടമകൾ അവരുടെ മുതലുകൾ ഭദ്രമായി സൂക്ഷിക്കുകയും വേണം. വിലപിടിച്ച മുതലുകൾ അശ്രദ്ധമായി പെരുവഴിയിലിട്ടാൽ മോഷ്ടാക്കളും പിടിച്ചുപറിക്കാരും അതു കൈക്കലാക്കും. അത് അവരുടെ മാത്രം കുറ്റമല്ല, മുതലുടമയുടെ കൂടി കുറ്റമാണ്. മനഃപൂർവമല്ലെങ്കിലും മോഷ്ടാക്കളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലാണ് അയാൾ തന്റെ മുതൽ കൈകാര്യം ചെയ്തത്. ഉചിതമായ സംരക്ഷണത്തോടെ സൂക്ഷിക്കപ്പെടാത്ത മുതൽ മോഷ്ടിക്കുന്നവൻ കരഛേദശിക്ഷ അർഹിക്കുന്നില്ലെന്നാണ് കർമശാസ്ത്രകാരന്മാരുടെ നിലപാട്. മുതൽ നഷ്ടപ്പെട്ടാൽ ചിലപ്പോൾ വീണ്ടെടുക്കാൻ കഴിഞ്ഞേക്കും. അല്ലെങ്കിൽ വേറെ മുതൽ സമ്പാദിക്കാം. ഒരാളുടെ മുതലുകൾ മുഴുവനായി ഒറ്റയടിക്ക് മോഷ്ടിക്കപ്പെടുകയോ പിടിച്ചുപറിക്കപ്പെടുകയോ ചെയ്യുകയില്ല. കുറേയേറെ നഷ്ടപ്പെട്ടാലും സാധാരണ ഗതിയിൽ കുറച്ചൊക്കെ അവശേഷിക്കും. സ്ത്രീജനങ്ങളുടെ മാനത്തിന്റെ അവസ്ഥ ഇതല്ല. അത് നഷ്ടപ്പെടുമ്പോൾ മുഴുവനായും എന്നന്നേക്കുമായും നഷ്ടപ്പെടുന്നു. നഷ്ടപ്പെട്ട മാനം വീണ്ടെടുക്കാനാവില്ല. ജീവിതകാലം മുഴുവൻ അവൾ അതിന്റെ കെടുതി അനുഭവിക്കേണ്ടിവരും. അതിനാൽ സ്ത്രീയുടെയും സ്ത്രീത്വത്തിന്റെയും സുരക്ഷക്ക് ഖുർആൻ ഏറെ ശക്തവും യുക്തവുമായ ഉപാധികൾ നിർദേശിക്കുന്നു.

സുരക്ഷക്കും സദാചാരശുദ്ധിക്കും സ്ത്രീജനങ്ങൾ വീട്ടിനകത്തും പുറത്തും സ്വീകരിക്കേണ്ട പെരുമാറ്റമര്യാദകളും വസ്ത്രധാരണാക്രമവും നേരത്തേ സൂറ *അന്നൂർ* 30-31 സൂക്തങ്ങളിലും ഈ സൂറയുടെ 32-35 സൂക്തങ്ങളിലും വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. പ്രവാചകന്റെ ഭാര്യമാരും പെൺമക്കളുമടക്കമുള്ള വിശ്വാസിനികൾക്കു നേരെ മദീനയിലെ കപടവിശ്വാസികളുടെ ശല്യം വർധിച്ച സാഹചര്യത്തിലാണ് പ്രകൃത സൂക്തം അവതരിച്ചതെന്ന് ചില നിവേദനങ്ങൾ വ്യക്തമാക്കുന്നുണ്ട്. നടേ സൂചിപ്പിച്ച സൂക്തങ്ങളിൽ നൽകിയ നിർദേശങ്ങൾ മറ്റൊരു രീതിയിൽ സംഗ്രഹിച്ചിരിക്കുകയാണിവിടെ. അന്യ സ്ത്രീപുരുഷന്മാർ പരസ്പരം തുറിച്ചുനോക്കാതിരിക്കുക, സ്ത്രീകൾ അന്യ പുരുഷന്മാർക്കു മുമ്പിൽ നഗ്നതയും സൗന്ദര്യവും പ്രദർശിപ്പിക്കാതിരിക്കുക, മാന്യമായി വസ്ത്രധാരണം ചെയ്ത് മാദകഭാഗങ്ങൾ മറച്ചുകൊണ്ടുമാത്രം വെളിയിലിറങ്ങി പ്രവർത്തിക്കുക, അന്യരുടെ ശ്രദ്ധ തന്റെ മാദകത്വത്തിലേക്ക് ക്ഷണിക്കുന്ന തരത്തിലുള്ള ശരീരചലനങ്ങളും കൊഞ്ചിക്കുഴഞ്ഞുള്ള സംസാരവും ഒഴിവാക്കുക തുടങ്ങിയവയാണ് ആ മര്യാദകൾ. അതിൽ വസ്ത്രധാരണം മാത്രമേ ഇവിടെ ആവർത്തിച്ചിട്ടുള്ളൂ. അതോടൊപ്പം ഈ നിയമങ്ങളുടെയും നിയന്ത്രണങ്ങളുടെയും ലക്ഷ്യം സ്ത്രീകൾ ആദരിക്കപ്പെടുകയും പീഡിപ്പിക്കപ്പെടാതിരിക്കുകയുമാണെന്ന് വ്യക്തമായി പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. ആധുനികത തലക്കുപിടിച്ച ചിലയാളുകൾ കരുതുന്നതുപോലെ സ്ത്രീകളുടെ സ്വതന്ത്ര ജീവിതം തടയാനും അവളെ അടിച്ചമർത്തി അടിമകളാക്കാനുമുള്ളതല്ല ഈ നിയമങ്ങൾ. സ്ത്രീസ്വാതന്ത്ര്യമെന്നാൽ സ്ത്രീ അവളുടെ വസ്ത്രത്തിൽനിന്നും സദാചാരബോധത്തിൽനിന്നും മുക്തയാവുകയാണ് എന്നൊരു സങ്കൽപം ലോകമെങ്ങും വ്യാപിച്ചുകൊണ്ടിരിക്കുകയാണിന്ന്. ഈ സങ്കൽപം വികസിക്കുന്ന മുറക്ക് സ്ത്രീകളുടെ അരക്ഷിതാവസ്ഥക്കും പീഡിതാവസ്ഥക്കും ആക്കം കൂടിവരുന്നു എന്ന വസ്തുത അവഗണിക്കപ്പെടുകയും ചെയ്യുന്നു. സ്വജനങ്ങളാൽ പോലും സ്ത്രീകൾ മാനഭംഗം ചെയ്യപ്പെടുന്ന അവസ്ഥ കേരളത്തിൽ വരെ സംജാതമായിരിക്കുന്നു. സ്ത്രീപീഡകർക്കുള്ള ശിക്ഷ സർക്കാർ അടിക്കടി കടുപ്പിച്ചുകൊണ്ടിരിക്കു

ന്നുണ്ട്. പീഡനം പക്ഷേ വർധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. സ്ത്രീകൾ കൂടി വിചാരിച്ചാലേ സ്ത്രീപീഡനം കുറക്കാൻ കഴിയൂ. മനസ്സിൽ രോഗമുള്ള പുരുഷന്മാരെ ലൈംഗികമായി പ്രചോദിപ്പിക്കുകയും പ്രലോഭിപ്പിക്കുകയും ചെയ്യുന്ന തരത്തിലുള്ള പെരുമാറ്റവും പ്രകടനവും സംസ്കരിക്കാൻ അവർ തയാറാകണമെന്ന് ആവശ്യപ്പെടുകയാണ് ഖുർആൻ. പക്ഷേ ഈ സത്യം പറയുന്നവരെ അറുപിന്തിരിപ്പന്മാരും കൊടിയ സ്ത്രീവിരുദ്ധരുമായി തള്ളിക്കളയുകയാണ് ആധുനികലോകം.

ഈ സൂക്തത്തിലെ عَلَيْهِنَّ مِن جَلَابِيبِهِنَّ എന്ന വാക്യം 24:31-ലെ وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ (അവർ ശിരോവസ്ത്രം താഴ്ത്തിയിട്ട് മാറിടം മറയ്ക്കണം) എന്നതിന്റെ മറ്റൊരു ഭാഷ്യമാണ്. സാധാരണ വസ്ത്രത്തിനു മീതെ ധരിക്കുന്നതാണ് جلباب. അതിന്റെ ബഹുവചനമാണ് جَلَابِيبِ. സ്കാർഫും തട്ടവും മക്കനയും കോട്ടും ഗൗണും പർദയുമെല്ലാം جلباب-ൽ പെടുന്നു. ശൈഖ് ഇബ്നു ആശൂർ തന്റെ തഫ്സീറിൽ ജിൽബാബിനു നൽകുന്ന അർഥം ഇതാണ്: 'മേലാടയേക്കാൾ ചെറുതും മക്കനയേക്കാൾ വലുതുമായ ഒരു വസ്ത്രം. സ്ത്രീകൾ അതു തലയിൽ ധരിച്ചാൽ അതിന്റെ ഭാഗങ്ങൾ ചെന്നികളിലൂടെയും ചുമലുകളിലൂടെയും മുതുകിലൂടെയും താഴ്ന്നു കിടക്കും.' ഈ താഴ്ന്ന ഭാഗം മാറിടത്തിലേക്കടുപ്പിച്ച് അതിലെ മുഴപ്പും കുപ്പായത്തിന്റെ പിളർപ്പും മറയ്ക്കണമെന്നാണ് നിർദേശിക്കുന്നത്. ജിൽബാബിന്റെ രൂപവും അതു ധരിക്കുന്ന രീതിയും, നാടുകളുടെയും സമൂഹങ്ങളുടെയും സാഹചര്യവും സമ്പ്രദായവുമനുസരിച്ച് വ്യത്യസ്തമായിരിക്കും. വസ്ത്രത്തിന്റെ രൂപവും ഉടുക്കുന്ന രീതിയുമല്ല, ശരീരത്തിന്റെ മാദക ഭാഗങ്ങൾ മറയ്ക്കുകയാണ് പ്രധാനം. മുസ്‌ലിം ലോകം പൊതുവിൽ ജിൽബാബായി ഉപയോഗിക്കുന്നത് പർദയാണ്. ശരീരം മുഴുവൻ മറയ്ക്കാൻ പറ്റിയ വിധത്തിൽ പാവാടക്കും ബ്ലൗസിനും മീതെ ധരിക്കുന്ന സാരി ഇന്ത്യൻ ജിൽബാബാണ്. ഉദരവും മാറും മുടിയുമൊക്കെ പ്രദർശിപ്പിക്കുന്ന വിധത്തിലും സാരി ധരിക്കാം. പൗരാണിക അറബി വനിതകൾ ആ രീതിയിൽ ജിൽബാബ് ധരിച്ചിരുന്നു. ജിൽബാബ് അടുപ്പിച്ചിടുക അല്ലെങ്കിൽ താഴ്ത്തിയിടുക എന്ന് കൽപിച്ചുകൊണ്ട് ആ അനാചാരം വിലക്കുകയാണ് ഖുർആൻ. ശിരസ്സും പിരടിയും മുതുകും മാറും മറയുന്ന വിധത്തിൽ കേരളീയ മുസ്‌ലിം സ്ത്രീകൾ ധരിക്കുന്ന തട്ടം നമ്മുടെ നാടൻ ജിൽബാബാകുന്നു.

മുഖം ഉൾപ്പെടെ ശരീരം മുഴുവൻ മറയ്ക്കുന്ന മൂടുപടം എന്ന അർഥത്തിലും ജിൽബാബ് ഉപയോഗിക്കും. സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ മുഖവും മുൻകൈയും കൂടി മറയ്ക്കേണ്ടത് നിർബന്ധമാണെന്ന് അഭിപ്രായമുള്ള പണ്ഡിതന്മാർ ഈ അർഥമാണീ പദത്തിന് നൽകുന്നത്. അതായത് മൂടുപടം ശിരസ്സു മുതൽ പാദം വരെ താഴ്ത്തിയിടണം. എന്നാൽ സ്ത്രീകൾ മുഖം മറയ്ക്കൽ നിർബന്ധമാണെന്ന വീക്ഷണം ബാലിശമാണെന്ന് 24:31-ന്റെ വിശദീകരണത്തിൽ *ഖുർആൻ ബോധനം* വ്യക്തമാക്കിയിട്ടുണ്ട്.

ذلك സൂചിപ്പിക്കുന്നത് ജിൽബാബ് ധരിച്ച് ശരീത്തിന്റെ മാദക ഭാഗങ്ങൾ മറയ്ക്കുന്ന ചര്യയെയാണ്. أدنى ഏറ്റം അടുത്തത് ആണെങ്കിലും ഉചിതമായത്, പറ്റിയത് എന്നാണ് ഇവിടെ ഉദ്ദേശ്യം. أَن يُعْرَفْنَ എന്ന വാക്കിന്റെ മൂലപദം عرف-ഉം معرفة -ഉം ആണ്. പൊതുവായ അംഗീകാരമുള്ള സമ്പ്രദായങ്ങളെ عرف എന്നു പറയുന്നു. ഇതിൽനിന്നുള്ള معروف-നന്മയും ധർമവുമാണ്. തിന്മ(منكر)യുടെ വിപരീതം. അവർ തിരിച്ചറിയപ്പെടുക - يعرفن- എന്ന പ്രയോഗത്തിൽ ആദരിക്കപ്പെടുക എന്ന ആശയവും കൂടിയുണ്ട്. മെയ്യഴക് പ്രദർശിപ്പിക്കാതെ ശരീരത്തിന്റെ മാദകഭാഗങ്ങൾ നല്ലവണ്ണം മറയുന്ന വിധത്തിൽ വസ്ത്രം ധരിച്ച വനിതകളെ കാഴ്ചക്കാർ മാന്യരും ആദരണീയരുമായി തിരിച്ചറിയുന്നു. പുരുഷന്മാരുടെ നയനഭോഗമോ വൃത്തികെട്ട കമന്റുകളോ ഇഷ്ടപ്പെടാത്തവർ. അതിനു മുതിരുന്നവരെ ആട്ടിയകറ്റുന്നവർ. അല്ലെങ്കിൽ അത്തരക്കാരിൽനിന്ന് സ്വയം അകന്നു മാറുന്നവർ. ഇത്തരം വനിതകളെ ശല്യപ്പെടുത്താൻ ഒരു മാതിരി തെമ്മാടികളൊന്നും ധൈര്യപ്പെടുകയില്ല. പുരുഷന്മാരെ പ്രലോഭിപ്പിക്കാൻ വസ്ത്രം ഊരിയെറിയുമ്പോൾ ഊരിയെറിയപ്പെടുന്നത് സ്ത്രീയുടെ രക്ഷാകവചം തന്നെയാണ്. ഒപ്പം മാന്യതയുടെയും കുലീനതയുടെയും പരിവേഷവും.

ഈ സൂക്തം നിർദേശിക്കുന്നത് മുസ്‌ലിം സ്ത്രീകൾ വീട്ടിനു വെളിയിലിറങ്ങി പ്രവർത്തിക്കുമ്പോൾ പാലിക്കേണ്ട മര്യാദയാണ്. ذَٰلِكَ.......فَلَا يُؤْذَيْنَ എന്ന വാക്യത്തിൽനിന്ന് അത് വ്യക്തമാകുന്നു. തിരിച്ചറിയപ്പെടലും ശല്യം ചെയ്യപ്പെടലും പ്രസക്തമാകുന്നത് പുറംലോകത്താണല്ലോ. ഈ സന്ദർഭത്തിൽ وَكَانَ اللَّهُ غَفُورًا رَّحِيمًا എന്ന വാക്യത്തിനു രണ്ടു താൽപര്യമുണ്ട്: ഒന്ന്, സ്ത്രീജനങ്ങളെ പാപമുക്തരാക്കി അനുഗ്രഹങ്ങളരുളുന്നതിനു വേണ്ടിയാണ് അല്ലാഹു ഈ നിയമങ്ങൾ അനുശാസിക്കുന്നത്. രണ്ട്, സത്യവിശ്വാസികൾ അവർക്ക് കഴിയുന്നിടത്തോളം സൂക്ഷ്മതയോടെ ഈ നിയമങ്ങൾ പാലിക്കണം. നിയമം ലഭിക്കുന്നതിനുമുമ്പ് സംഭവിച്ചുപോയതെല്ലാം അല്ലാഹു പൊറുത്തുതരും. നിയമം ലഭിച്ച ശേഷം വിസ്മൃതിയാലോ മാനുഷിക ദൗർബല്യങ്ങളാലോ വല്ല വീഴ്ചയും സംഭവിക്കുന്നുവെങ്കിൽ അപ്പോഴും അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിക്കാം. ഏറെ പൊറുക്കുന്ന കരുണാമയനാണ് അല്ലാഹു. ●